ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മലയാള ഭാഷാ നിയമനിർമ്മാണത്തിന്റെ പുരോഗതി

57 (3688) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പതിമൂന്നാം കേരള നിയമസഭാ കാലയളവിൽ തന്നെ മലയാള ഭാഷാ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

മലയാളഭാഷാ നിയമനിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

പത്ത് ശതമാനം പ്രൊമോഷൻ സംവരണം

58 (3689) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിൽ 10 ശതമാനം പ്രൊമോഷൻ സംവരണം ചെയ്യുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ, ഏതൊക്കെ വകുപ്പുകൾ പ്രൊമോഷന്റെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് ; നാളിതുവരെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ സംവരണം അനുവദിച്ചുകൊണ്ട് 3-1-2014-ലെ സ.ഉ.(പി)നമ്പർ 1/2014/ഉ.ഭ.പ.വ., 19-7-2014-ലെ സ.ഉ.(പി) നമ്പർ 21/2014/ ഉ.ഭ.പ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു).*

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, കോമേഴ്സ് (സീനിയർ, ജൂനിയർ) റാങ്ക് ലിസ്റ്റ്

59 (3690) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, കോമേഴ്സ് (സീനിയർ, ജൂനിയർ) റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഈ ഒഴിവിലേക്ക് എത്ര വേക്കൻസികൾ വകുപ്പുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ കോമേഴ്സ് (ജൂനിയർ & സീനിയർ) ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി റാങ്ക് ലിസ്റ്റിലെ എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയുടെ 32-ഉം എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് (ജിനിയർ) തസ്തികയുടെ 357-ഉം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.